പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3543 15.07.2015 - ൽ മറുപടിയ്ക്ക്

**ഡെന്റൽ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറുടെ ട്രാൻസ്ഫർ**

| ചോദ്യം<br>ശ്രീ . കെ .വി . വിജയദാസ് : | മറുപടി<br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) ജോയിന്റ് ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ (ജനറൽ) ഡോ.കെ.ജ്യോതീന്ദ്ര കുമാറിന് ഡെന്റൽ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറെ ട്രാൻസ്ഫർ ചെയ്യുന്നതിന് അധികാരമുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ നൽകുമോ; ഇല്ലെങ്കിൽ പദവി ദുരുപയോഗം ചെയ്ത് ടിയാൻ ഇറക്കിയ G4/13385/2014/DME dated 23.06.2015 എന്ന ഉത്തരവ് റദ്ദുചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;<br>(ബി) ഇത്തരത്തിൽ അധികാര ദുർവിനിയോഗം ചെയ്ത ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോ;<br>(സി) ഔദ്യോഗിക സർവ്വീസ് സംഘടനകളുടെ സംസ്ഥാന ജനറൽ സെക്രട്ടറി, പ്രസിഡന്റ് എന്നിവരെ ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള മാനദണ്ഡത്തിനു വിരുദ്ധമായി G.O.(Ms)230/67/PD dated 21.07.1967 പ്രകാരം ടിയാന്മാരെ ട്രാൻസ്ഫർ ചെയ്യുന്നതിന് Joint Director of Medical Education (G), ഡോ.കെ.ജ്യോതീന്ദ്രകുമാറിന് അധികാരമുണ്ടോ; ഇല്ലെങ്കിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ട്രാൻസ്ഫർ നടത്തിയ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമോ;<br>(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (എ),(ബി),(സി) & (ഡി)<br>23.06.2015 തീയതിയിലെ G4/13385/2014/DME എന്ന നമ്പറിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും ഇറക്കിയിട്ടുള്ള ഉത്തരവ് സംബന്ധിച്ച പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ട്. പരാതി പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ